തടവുകാരന്റെ അച്ഛൻ, അമ്മ, പുത്രൻ, പുത്രി, ഭാര്യ, ഭർത്താവ്, സഹോദരൻ, സഹോദരി, ചെറുമകൾ, ചെറുമകൻ, അപ്പൂപ്പൻ, അമ്മൂമ്മ, അമ്മായിയച്ഛൻ, അമ്മായിഅമ്മ, അമ്മയുടെ സഹോദരൻ ഇവരുടെ മരണം, അത്യാസന്ന നിലയിലുള്ള രോഗം, പുത്രൻ, പുത്രി, സഹോദരി, സഹോദരൻ, ചെറുമകൻ, ചെറുമകൾ, ഭാര്യാസഹോദരൻ, ഭർതൃസഹോദരി, സഹോദരൻ/ സഹോദരിയുടെ പുത്രൻ/പുത്രി എന്നിവരുടെ വിവാഹം, വാസഗൃഹത്തിന്റെ പൂർണ്ണമായോ ഭാഗികമായോ ഉള്ള നാശം, പ്രൊബേഷണറി ഓഫീസർ ശുപാർശ ചെയ്യുന്ന അസാധാരണമായ മറ്റു കാരണങ്ങൾ തുടങ്ങിയ അടിയന്തര സാഹചര്യം പരിഗണിച്ച് കേരള ജയിൽ ചട്ടം 454 പ്രകാരം ബന്ധപ്പെട്ട അധികാരികളുടെ സർട്ടിഫിക്കറ്റിന്റെയും പോലീസ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അടിയന്തിരാവധി അനുവദിക്കുന്നു.

ഇതിനുപുറമേ തുറന്ന ജയിലിൽ ഒരു വർഷം ശിക്ഷാ കാലാവധി പൂർത്തീകരിച്ച തടവുകാർക്ക് പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജയിൽ ചട്ടങ്ങൾ 466(A) വകുപ്പുപ്രകാരം വർഷത്തിലൊരിക്കൽ 15 ദിവസത്തെ ഹോം ലീവ് അനുവദിച്ചുവരുന്നു.

(ബി) ഉണ്ട്. 414 പേർ.

(സി) അനുകൂലമായ പോലീസ്/പ്രൊബേഷൻ റിപ്പോർട്ടുകൾ ലഭിക്കാത്തതുകൊണ്ടാണ് പരോൾ അനുവദിക്കാത്തത്.

(ഡി) പരോൾ അനുവദിച്ച് പുറത്തിറങ്ങിയവരിൽ തിരികെ എത്താത്തവർ 73 പേർ ഉണ്ട്. അതിൽ 63 പേർ അഞ്ചുകൊല്ലത്തിന് ഏറെയായവരാണ്.

പരോളിലിറങ്ങിയശേഷം തിരിച്ചുവരാത്തവർ

46 (4655) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ നിന്ന് പരോളിനിറങ്ങിയശേഷം നാളിതുവരെ തിരിച്ചുവരാത്തവരുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ജയിലുകളിൽ നിന്ന് ആരൊക്കെയാണ് ഇപ്രകാരം തിരികെ വരാത്തത് എന്നുള്ള വിവരം വ്യക്തമാക്കുമോ ;

(സി) ഇതിൽ ഓരോരുത്തരേയും കാണാതായിട്ട് എത്ര കാലമായി എന്നും അറിയിക്കുമോ ;

(ഡി) ഇവരെ പിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) തിരികെ കയറേണ്ട ദിവസം കഴിഞ്ഞിട്ടും തിരിച്ചുവരാത്തവരുടെ പേരുവിവരം ഉടൻതന്നെ സ്ഥലം പോലീസ് സ്റ്റേഷനിലും ജില്ലാ പോലീസ് അധികാരികൾക്കും ഫോണോഗ്രാം മുഖേന അറിയിക്കുകയും പ്രധാന പത്രങ്ങളിൽ ഫോട്ടോസഹിതം പരസ്യപ്പെടുത്തുകയും ചെയ്യുന്നു. ബോണ്ട് വയലേഷൻ നടത്തിയതിന് ജാമ്യക്കാരിൽ നിന്നും നിശ്ചിത തുക ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത കേസ്സുകൾ

47 (4656) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കവർച്ചകൾ, ഭവനഭേദനം, മോഷണം എന്നിവ സംബന്ധിച്ച കേസ്സുകളിൽ എത്രയെണ്ണം കോടതിയൽ വെറുതെ വിട്ടു ;

(ബി) എത്രയെണ്ണം ശിക്ഷിച്ചു ;

(സി) ചാർജ് ഷീറ്റ് ഫയൽ ചെയ്യാൻ എത്ര കേസ്സുകൾ ഇനി അവശേഷിക്കുന്നുണ്ട് ;

(ഡി) എത്ര കേസ്സുകളിൽ സർക്കാർ അപ്പീൽ പോയി ?

ഉത്തരം

(എ) 2192 കേസ്സുകൾ കോടതി വെറുതെവിട്ടു.

(ബി) 2540 കേസ്സുകൾ ശിക്ഷിച്ചു.

(സി) 3873 കേസ്സുകൾ അവശേഷിക്കുന്നുണ്ട്.

(ഡി) 2 കേസുകളിൽ അപ്പീൽ പോയിട്ടുണ്ട്.

മുച്ചിലോട്ട് ഭഗവതിക്ഷേത്രത്തിൽ സ്വർണ്ണമാലകൾ മോഷണം പോയ കേസ്സിന്റെ അന്വേഷണം

48 (4657) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശേരി പഞ്ചായത്തിലെ അഞ്ചാം പീടിക പ്രദേശത്തുള്ള മുച്ചിലോട്ട് ഭഗവതിക്ഷേത്രത്തിൽ വിഗ്രഹത്തിൽ ചാർത്തുന്ന സ്വർണ്ണമാലകൾ മോഷണം പോയത് സംബന്ധിച്ച ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly